LIBRARY ARCHIVES Kerala Legislative Assembly

ഓഫീസുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിന് അനുവദിച്ച തുക

5 [5459] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഓഫീസുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുകവീതം അനുവദിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിനായി ആകെ 51.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിനായി 49.11 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡ് നിർമ്മാണത്തിന് ഭരണാനുമതി

6 [5460] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുവാനുള്ള ഫയൽ എന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ പക്കൽനിന്നും ധനകാര്യ വകുപ്പിൽ എത്തിച്ചേർന്നത്;

(ബി) ഒരു ഫയൽ ഇങ്ങനെ ലഭിച്ചാൽ എത്ര നാളുകൾക്കുള്ളിൽ തീരുമാനമെടുക്കണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ;

(സി) ഫയൽ തീരുമാനമെടുക്കാതെ പിടിച്ചുവച്ചത് ഏത് ഉദ്യോഗസ്ഥനാണ്;

(ഡി) ഫയൽ തടഞ്ഞുവച്ചതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡിന്റെ എ.എസ്സിനുള്ള ഫയൽ തടഞ്ഞുവച്ച ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) ഈ വിഷയം സംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടില്ല.

† അനുബന്ധം III

വിദേശമദ്യ ചട്ടം 24 പ്രകാരം എഫ്.എൽ.3-ലൈസൻസുകൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്ന അവസരത്തിൽ പുതുതായി മാറ്റപ്പെടുന്ന സ്ഥലത്തിന് പുതുതായി ഒരു എഫ്.എൽ.3-ലൈസൻസ് നൽകുന്നതിനുള്ള എല്ലാ യോഗ്യതകളും വേണമെന്ന് നിഷ്കർഷിച്ചു.

എല്ലാ ഇംഗ്ലീഷ് മാസവും ഒന്നാം തീയതി വിദേശമദ്യ വിൽപ്പനശാലകൾ അടച്ചിടണം എന്നു തീരുമാനിച്ചു.

8. 9-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 112/2003/നി.വ. എസ്.ആർ.ഒ. നമ്പർ 629/2003 പ്രകാരം ക്ലബ്ബ് ലൈസൻസ് (എഫ്.എൽ. 4എ) നൽകുന്നതിനുള്ള നിബന്ധനകളിൽ ടി ക്ലബ്ബുകൾ 25 വർഷം പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധന 10 വർഷമാക്കി കുറച്ചു.

9. 24-3-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 49/2003/നി.വ. എസ്.ആർ.ഒ. നമ്പർ 254/2003 പ്രകാരം ബിയർ/വൈൻ പാർലർലൈസൻസ് (എഫ്.എൽ.11) കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലും മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലും നൽകാൻ തീരുമാനിച്ചു.

2-8-2003-ലെ സർക്കാർ ഉത്തരവ് 127/2003/നി.വ. പ്രകാരം ലൈസൻസില്ലാതെ ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ്—വിദേശമദ്യം-3 ലിറ്റർ ആയും ബിയറും വൈനും യഥാക്രമം 7, 8 ലിറ്ററും ആയും വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. 2-8-2003-ലെ സർക്കാർ ഉത്തരവ് 128/2003/നി.വ. പ്രകാരം വിദേശമദ്യചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം III

[8-8-2003-ലെ 5 (5459)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

Statement showing the details of provisions made for computerisation of Government Departments during 2001-02, 2002-03 & 2003-04

Rs. (in Crore)

Sl. No.	*Name of Department*	*2001-02 & 2002-03*	*2003-04*
(1)	(2)	(3)	(4)
1	Public Works	0.40	0.82
2	Motor Vehicles	7.19	0.13
3	General Education	0.55	0.20
4	Collegiate Education	0.45	0.15
5	Technical Education	1.50	0.75
6	Labour	0.41	0.24
7	Employment	0.75	0.50

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8	Factories and Boilers	0.68	0.30
9	Training	0.04	0.04
10	Port	0.00	0.15
11	State Insurance	0.01	0.01
12	Urban Development	1.05	0.45
13	Minor Irrigation	0.05	0.00
14	Soil Conservation	0.21	0.00
15	State Land Use Board	0.03	0.00
16	Western Ghat Development	0.09	0.00
17	Agriculture	2.73	2.00
18	Vigilance Tribunal	0.00	0.23
19	Economics and Statistics	0.19	1.14
20	Treasury	16.63	21.16
21	Registration	4.15	4.52
22	Sales Tax	0.68	3.69
23	Land Revenue	0.00	0.79
24	Public Service Commission	0.85	1.00
25	Secretariat Law Department	0.25	0.25
26	State Planning Board	0.31	0.14
27	Secretariat General Administration Department	0.13	0.00
28	Legislature Secretariat	1.21	0.30
29	Secretariat Wide Area Network	7.50	6.85
30	Animal Husbandry	0.20	0.00
31	Panchayat	0.35	0.15
32	Community Development	0.30	0.20
33	Health Services	0.91	0.40
34	Medical Education	1.15	0.20
35	Homoepathy	0.50	0.35
36	Various Department (Human Resources Development)	0.05	2.00
	Total	51.50	49.11

LIBRARY ARCHIVES Kerala Legislative Assembly